**പതിനാലാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1012** **12.07.2016 ൽ മറുപടിയ്ക്ക്**

**പച്ച തേങ്ങാ സംഭരണം**

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ.വി.എസ്. ശിവകുമാർ<br>ശ്രീ. അനിൽ അക്കര | ശ്രീ. വി.എസ്.സുനിൽ കുമാർ<br>(ബഹു.കൃഷി വകുപ്പ് മന്ത്രി) |
| (എ) മുൻ സർക്കാരിന്റെ കാലത്ത് പച്ച തേങ്ങാ സംഭരണത്തിന് എന്തെല്ലാം കർമ്മപദ്ധതികളാണ് ആസൂത്രണം ചെയ്ത് നടപ്പിലാക്കിയതെന്ന് വിശദമാക്കുമോ; | (എ) പച്ചനാളികേര സംഭരണ പദ്ധതി നടപ്പിലാക്കി വരുന്നു. കേരഫെഡ് ഈ നാളികേരം സംസ്കരിച്ച് കൊപ്രയാക്കി വെളിച്ചെണ്ണയും മറ്റ് മൂല്യവർദ്ധിത ഉല്പന്നങ്ങളും നിർമ്മിക്കുന്നതിന് ഉപയോഗിക്കുന്നു. |
| (ബി) പ്രസ്തുത പദ്ധതികൾ വഴി എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിച്ച തെന്ന് വിശദമാക്കാമോ; | (ബി) നാളികേരത്തിന് ന്യായമായ വില ഉറപ്പുവരുത്തിക്കൊണ്ട് നാളികേര വിലയിടിവിൽ നിന്നും കർഷകരെ സംരക്ഷിക്കുകയും സംഭരണ പരിപാടിയുടെ പ്രയോജനം യഥാർത്ഥ കർഷകർക്ക് നേരിട്ട് എത്തിക്കുകയുമാണ് പച്ചതേങ്ങ സംഭരണ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്. സംഭരണത്തിനുള്ള അടങ്കൽ 100 കോടി രൂപയായി ഈ സർക്കാർ ഉയർത്തിയിട്ടുണ്ട്. |
| (സി) പ്രസ്തുത ലക്ഷ്യങ്ങൾ കൈവരിക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വിശദമാക്കുമോ? | (സി) മുൻസർക്കാരിന്റെ കാലത്ത് എല്ലാ കൃഷി ഭവനുകളിലും നാളികേരം സംഭരിച്ചിരുന്നില്ല. ഈ ഗവൺമെന്റ് എല്ലാ കൃഷിഭവനുകളിലും നാളികേരം സംഭരിക്കുന്നതിനുള്ള നടപടികളുമായി മുന്നോട്ട് പോവുകയാണ്. |

**സെക്ഷൻ ഓഫീസർ**